**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നമ്പർ. 6128** **07/11/2016-ൽ മറുപടിയ്ക്ക്**

**പ്ലാന്റേഷൻ കോർപ്പറേഷന്റെ അധീനതയിലുള്ള ഭൂമി**

**ചോദ്യം**

ശ്രീ. എൻ.എ. നെല്ലിക്കുന്ന്

**മറുപടി**

ശ്രീ. വി. എസ്. സുനിൽ കുമാർ
(കൃഷി വകുപ്പ് മന്ത്രി)

എ) സംസ്ഥാനത്ത് പ്ലാന്റേഷൻ കോർപ്പറേഷന്റെ അധീനതയിൽ എത്ര ഭൂമിയുണ്ടെന്ന് ജില്ലതിരിച്ച് വ്യക്തമാക്കാമോ ;

എ)

| ക്രമ നമ്പർ | എസ്റ്റേറ്റ് | ഏരിയ (എച്ച്.എ) | ജില്ല |
|---|---|---|---|
| 1 | കൊടുമൺ ഗ്രൂപ്പ് | 2866.6880 | പത്തനംതിട്ട |
| 2 | കാലടി ഗ്രൂപ്പ് | 3776.4993 | എറണാകുളം & തൃശ്ശൂർ |
| 3 | തണ്ണിത്തോട് എസ്റ്റേറ്റ് | 699.3500 | പത്തനംതിട്ട |
| 4 | പേരാമ്പ്ര എസ്റ്റേറ്റ് | 943.0000 | കോഴിക്കോട് |
| 5 | രാജപുരം എസ്റ്റേറ്റ് | 1522.9100 | കാസർഗോഡ് |
| 6 | മണ്ണാർക്കാട് എസ്റ്റേറ്റ് | 513.0300 | പാലക്കാട് |
| 7 | നിലമ്പൂർ എസ്റ്റേറ്റ് | 435.9380 | മലപ്പുറം |
| 8 | ചീമേനി എസ്റ്റേറ്റ് | 924.0000 | കാസർഗോഡ് & കണ്ണൂർ |
| 9 | കാസർഗോഡ് എസ്റ്റേറ്റ് | 2065.0000 | കാസർഗോഡ് |

| | |
|---|---|
| ബി) ഈ ഭൂമിയിൽ കൂടി എത്ര റോഡുകൾ പോകുന്നുണ്ടെന്ന് ജില്ലതിരിച്ച് വിശദമാക്കാമോ ; | ബി) കോർപ്പറേഷനിലെ തോട്ടങ്ങളിൽ പ്രധാന റോഡുകൾ കൂടാതെ കൃഷി ആവശ്യത്തിനു മാത്രം അതാത് സമയങ്ങളിൽ നിർമ്മിക്കുന്ന കിലോമീറ്ററുകളോളം റോഡുകളുണ്ട്. എട്ട് ജില്ലകളിലായി പരന്നു കിടക്കുന്ന തോട്ടങ്ങളിലെ എല്ലാ റോഡുകളും കൃത്യമായി സർവ്വെ ചെയ്ത് കണക്കുകൾ സൂക്ഷിച്ചിട്ടില്ല. റോഡ് ടാറിംഗ്, മറ്റ് നിർമ്മാണ പ്രവർത്തനങ്ങൾ എന്നിവ നടത്തുമ്പോൾ അതിനാവശ്യമായ അളവുകൾ മാത്രമേ എടുക്കാറുള്ളൂ. |
| സി) ഈ റോഡുകൾ നിർമ്മിച്ചതാരാണെന്നും അറ്റകുറ്റപ്പണികൾ നടത്തിവരുന്നതാരാണെന്നും വ്യക്തമാക്കാമോ ; | സി) സാധാരണയായി റോഡുകളുടെ അറ്റകുറ്റപണികൾ പ്ലാന്റേഷൻ കോർപ്പറേഷനാണ് നിർവ്വഹിക്കാറുള്ളത്. എന്നാൽ ചില സന്ദർഭങ്ങളിൽ പഞ്ചായത്ത്/ പൊതുമരാമത്ത് വകുപ്പുകളുടെ അപേക്ഷ പ്രകാരം ഈ ജോലികൾ നിർവ്വഹിക്കുവാൻ അനുവദിക്കാറുണ്ട്. |
| ഡി) പ്ലാന്റേഷൻ കോർപ്പറേഷൻ സ്ഥലത്ത് കൂടി റോഡ് നിർമ്മിക്കാൻ ഇപ്പോൾ അനുമതി നൽകാറുണ്ടോയെന്ന് വ്യക്തമാക്കാമോ ? | ഡി) പഞ്ചായത്തുകൾ രേഖാമൂലം റോഡുകൾക്കുവേണ്ടി അപേക്ഷ സമർപ്പിക്കുമ്പോൾ, ആയത് പരിശോധിക്കുകയും, അനുവദിക്കുവാൻ സാധിക്കുന്ന-താണെങ്കിൽ ബോർഡിന്റെ അനുമതിയോടുകൂടി റോഡിന് 'എൻ.ഒ.സി' നൽകുകയും ചെയ്തു വരുന്നു. |

**സെക്ഷൻ ഓഫീസർ**